പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 296 | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക<br>,, കെ. എസ്. സലീഖ<br>ഡോ. കെ. ടി. ജലീൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; കമ്മീഷന് ലഭിച്ച പരാതികളിൽ യഥാസമയം നടപടികൾ ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; തീർപ്പ് കല്പിക്കാത്ത പരാതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ കാലാകാലം വിലയിരുത്തുകയും കമ്മീഷന് ലഭിക്കുന്ന പരാതികളിൻമേൽ നടപടികൾ സംബന്ധിച്ച് കമ്മീഷൻ അവലോകനം നടത്തുകയും ചെയ്യാറുണ്ട്. കമ്മീഷനിൽ നിലവിൽ തീർപ്പുകൽപ്പിക്കാൻ ശേഷിക്കുന്ന 4835 പരാതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം 2245<br>കൊല്ലം 276<br>പത്തനംതിട്ട 94<br>ആലപ്പുഴ 469<br>കോട്ടയം 706<br>ഇടുക്കി 369<br>എറണാകുളം 155<br>തൃശ്ശൂർ 139<br>പാലക്കാട് 127<br>മലപ്പുറം 67<br>കോഴിക്കോട് 65<br>വയനാട് 49<br>കണ്ണൂർ 53<br>കാസർഗോഡ് 21<br><br>കേരള വനിതാ കമ്മീഷൻ നിയമത്തിൻ കീഴിൽ രൂപീകരിക്കപ്പെട്ട വനിതാകമ്മീഷന് ലഭിക്കുന്ന പരാതികൾ യഥാസമയം തീർപ്പാക്കുന്നതിന് വേണ്ടി സർക്കാരിന് ഇടപെടുന്നതിന് പരിമിതികൾ ഉണ്ട് |
| (ബി) സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വനിതാകമ്മീഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സ്ത്രീകളുടെ പൊതുപ്രശ്നങ്ങൾ പഠിക്കുകയും അവയുടെ പരിഹാരത്തിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും, കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ പരിഹാരം കണ്ടെത്തുന്നതിന് അന്വേഷണം നടത്തി, നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുകയും കൂടാതെ പരാതിക്കാർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസിലിംഗ്, നിയമോപദേശങ്ങൾ, താൽക്കാലിക താമസ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ